(ഡി) ക്ലറിക്കൽ അസിസ്റ്റന്റുമാരെ ഇപ്പോഴത്തെന്നെ കേരള ജനറൽ സബോർഡിനേറ്റ് സർവ്വീസ് മിസലേനിയസ് പോസ്റ്റ്സ് ഇൻ സെക്രട്ടേറിയറ്റ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്കായി സ്പെഷ്യൽ റൂൾസും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ അവരെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ല.

സെക്രട്ടേറിയറ്റിലെ ടെലിഫോൺ എക്സ്ചേഞ്ചിൽ കാളുകൾ അറ്റൻഡ് ചെയ്യുന്നതിൽ വരുന്ന കാലതാമസം

973 [1563] ശ്രീ. പി. ഭാസ്കരൻ:

,, എം .കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ടെലിഫോൺ എക്സ്ചേഞ്ചിൽ കാളുകൾ അറ്റൻഡ് ചെയ്യുന്നതിൽ വരുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) മണിക്കൂറുകളോളം കാളുകൾ അറ്റൻഡ് ചെയ്യാറില്ല എന്ന കാര്യം പരിഗണിച്ച് ഈ എക്സ്ചേഞ്ചിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില സന്ദർഭത്തിൽ അത്തരം കാലതാമസം നേരിടുന്നുണ്ടെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) ടെലിഫോൺ എക്സ്ചേഞ്ചിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് സജീവമായി പരിഗണിച്ചുവരികയാണ്.

സെക്രട്ടേറിയറ്റിലെ ടെലഫോൺ ഓപ്പറേറർമാർ

974 [1564] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ടെലഫോൺ എക്സ്ചേഞ്ചിൽ ഒരേ സമയം എത്ര ഓപ്പറേറർമാർ പണിയെടുക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) അവരെ സൂപ്പർവൈസ് ചെയ്യാൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ എത്രസംഭവങ്ങൾ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്;

(ഡി) ചില അവസരങ്ങളിൽ മണിക്കൂറുകളോളം ബെല്ലടിച്ചാലും ആരും ടെലഫോൺ അറ്റൻറു ചെയ്യാറില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സെക്രട്ടേറിയറ്റിലെ ടെലഫോൺ എക്സ്ചേഞ്ചിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സത്വരനടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരേസമയം മൂന്ന് ഓപ്പറേറർമാർ.

(ബി) അവരെ സൂപ്പർവൈസ് ചെയ്യാൻ ജോലിസ്ഥലത്തു തന്നെ ആരേയും നിയോഗിച്ചിട്ടില്ല. എന്നാൽ, ജനറൽ അഡ്മിനിസ്ട്രേഷൻ (പൊളിറ്റിക്കൽ'സി) വകുപ്പിന്റേയും ടി വകുപ്പിലെ അണ്ടർ സെക്രട്ടറിയുടേയും നിയന്ത്രണത്തിലാണ് ഇവർ പ്രവർത്തിക്കുന്നത്.

(സി) ഒന്നും ഉണ്ടായിട്ടില്ല.

(ഡി) ചില സന്ദർഭങ്ങളിൽ അപ്രകാരം സംഭവിക്കുന്നുവെന്ന് ചില പരാതികളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

സെക്രട്ടേറിയറ്റിലെ പൊതുഭരണവിഭാഗം

975 [1566] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിലെ പൊതുഭരണ വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർ ആ വകുപ്പുമായി ബന്ധപ്പെടുന്ന സാധാരണക്കാരായ ആളുകളോട് മോശമായ രീതിയിൽ പെരുമാറുന്നതു തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

സർക്കാർ ജീവനക്കാർ അവരുടെ വകുപ്പുകളുമായി ബന്ധപ്പെടുന്ന സാധാരണ ആളുകളോട് നല്ല രീതിയിൽ പെരുമാറണമെന്നാണ് സർക്കാരിന്റെ നയം. ഇതിനു വിപരീതമായി ഏതെങ്കിലും സംഭവം ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സർവ്വീസിൽ തുടരുന്ന റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ

976 [1569] ശ്രീ. വക്കം പുരുഷോത്തമൻ:

,, എം.പി. ഗംഗാധരൻ:

,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

,, പി. ജെ. തോമസ്:

,, ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാർ സംസ്ഥാന സർവ്വീസിൽ തുടരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ;

(സി) ഏതെല്ലാം വകുപ്പുകളിൽ;

(ഡി) വിവിധ കോർപ്പറേഷനുകളിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly